2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

അഫോർഡബിൾ ഹൗസിംഗ് സ്കീം

4 (*34) ശ്രീ. പാലോട് രവി :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അഫോർഡബിൾ ഹൗസിംഗ് സ്കീമിന് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ സ്കീംവഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) എല്ലാവർക്കും ഭൂമി, വീട് എന്ന പ്രഖ്യാപിത ലക്ഷ്യം സാക്ഷാത്കരിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) സ്കീമിന്റെ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ഇല്ല.

(ബി-ഡി) (എ)യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

കാരുണ്യ ബെനവലന്റ് സ്കീം

5 (*35) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ബെനവലന്റ് സ്കീമിന്റെ നേട്ടങ്ങൾ എന്തെല്ലാമാണെന്നു വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മാരക രോഗങ്ങൾക്ക് തുടർചികിത്സ ആവശ്യമായിവരുന്ന നിർദ്ധന രോഗികൾക്ക് അധിക തുക പ്രത്യേകമായി അനുവദിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ)

1. 21-4-2015 വരെ 86876 രോഗികൾക്ക് 701.25 കോടി രൂപ ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. ഇതിൽ ഒറ്റത്തവണ ചികിത്സാ ധനസഹായ മായി 26902 രോഗികൾക്ക് ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്.

2. സംസ്ഥാനത്തെ അഞ്ച് മെഡിക്കൽ കോളേജ് ആശുപത്രികളിൽ (തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്) 10 ഡയാലിസിസ് മെഷീൻ വീതമുള്ള കാരുണ്യ ഡയാലിസിസ് സെന്ററുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലുള്ള കാരുണ്യ ഡയാലിസിസ് സെന്റർ 11-7-2013 മുതൽ പൂർണ്ണരീതിയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കോട്ടയം മെഡിക്കൽ കോളേജ് ഒഴികെ കോഴിക്കോട്, ആലപ്പുഴ, തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ സെന്ററുകളുടെ നിർമ്മാണം തുടങ്ങുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

3. 1069 ഹീമോഫീലിയ രോഗികളെ പ്രത്യേകമായി രജിസ്റ്റർ ചെയ്ത് അത്യാവശ്യ ഘട്ടങ്ങളിൽ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിലൂടെ ഫാക്ടർ (മരുന്ന്) നൽകുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.

4. സർക്കാർ ആശുപത്രികൾക്കുപുറമേ 72 സർക്കാരിതര അക്രഡിറ്റഡ് ആശുപത്രികളിൽ കൂടി ചികിത്സാ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

വൃക്കരോഗികൾക്ക് യഥാസമയം ഡയാലിസിസ് ലഭ്യമാക്കുന്നതിന് പദ്ധതി വ്യവസ്ഥകളും നിരക്കുകളും അനുസരിച്ച് ചികിത്സ നൽകാനായി സംസ്ഥാനത്തെ 31 സ്വകാര്യ ഡയാലിസിസ് സെന്ററുകൾക്ക് അംഗീകാരം നൽകി അവയിൽ 27 എണ്ണം പ്രവർത്തനത്തിലാണ്.

കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ സഹായത്തോടെ സംസ്ഥാനത്തെ 27 ജില്ലാ/താലൂക്ക് സർക്കാർ ആശുപത്രികളിൽ കൂടി സംസ്ഥാന ആരോഗ്യ വകുപ്പ് ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൽ താമരശ്ശേരി താലൂക്ക് ആശുപത്രിയിൽ കാരുണ്യ ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വൃക്ക മാറ്റിവയ്ക്കുന്ന രോഗികൾക്ക് വൃക്ക നൽകുന്ന വ്യക്തിക്ക് ഈ പദ്ധതിയിൽനിന്നും ഒരു ലക്ഷം രൂപ അനുവദിക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. പദ്ധതിയിൽ നിന്നും നൽകുന്ന പരമാവധി ധനസഹായം രണ്ട് ലക്ഷം രൂപയാണ്. എന്നാൽ ഒരു കുടുംബത്തിൽ ഒന്നിലധികം ഹീമോഫീലിയ രോഗികൾ ഉണ്ടെങ്കിലും ഭാരിച്ച ചികിത്സാ ചിലവ് കണക്കിലെടുത്ത് ഓരോ രോഗിക്കും പരിധിയില്ലാതെ ചികിത്സാ ധനസഹായം നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(ബി) കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ലോട്ടറികളിൽ നിന്നുള്ള ലാഭം ഉപയോഗിച്ചാണ് ചികിത്സാ ധനസഹായം നൽകുന്നത്. പ്രസ്തുത വരുമാനത്തേക്കാൾ ചികിത്സാ ചെലവ് വളരെ അധികരിച്ചിരിക്കുന്നതിനാൽ ചികിത്സാ ധനസഹായം വർദ്ധിപ്പിച്ചു നൽകുന്നതിന് തടസ്സമുണ്ട്.

വൈദ്യുതി സംസ്ഥാനത്തേക്ക് എത്തിക്കാനുള്ള പദ്ധതികൾ

6 (*36) ശ്രീ. കെ. ദാസൻ :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനുവദിക്കപ്പെട്ട കേന്ദ്ര വൈദ്യുതി വിഹിതം സ്വീകരിക്കാനുള്ള സംവിധാനം ഒരുക്കാൻ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ടോ ;

(ബി) വൈദ്യുതി സംസ്ഥാനത്തേക്ക് എത്തിക്കാൻ നിലവിലുള്ള പദ്ധതികൾ എന്തൊക്കെയാണ് ;

(സി) പുതുതായി ആവിഷ്കരിച്ച പദ്ധതികൾ ഏതൊക്കെയായിരുന്നു ; അവയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ ; അവ ഏത് വർഷത്തിൽ പൂർത്തിയാക്കാനായിരുന്നു ലക്ഷ്യമിട്ടിരുന്നത് ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) കേന്ദ്ര വൈദ്യുതി നിലയങ്ങളിൽ നിന്നും വിഹിതമായി കിട്ടുന്ന മുഴുവൻ വൈദ്യുതിയും കേരളത്തിലേയ്ക്ക് എത്തിക്കുവാൻ ഇപ്പോൾ സാധിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly